## പതിനഞ്ചാം കേരള നിയമസഭ

മൂന്നാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2021 ഒക്ടോബർ 08, വെള്ളി

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. ബി. രാജേഷിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

11 (*121 ) ക്ഷീരസംഘങ്ങൾക്ക് ആദായ നികുതി ഏർപ്പെടുത്തിയ കേന്ദ്ര സർക്കാർ നടപടി

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി) നൽകിയ മറുപടിയിൽ, 50 ലക്ഷം രൂപയിലധികം വിറ്റുവരവുള്ള പ്രാഥമിക ക്ഷീരസഹകരണ സംഘങ്ങളെ ആദായനികുതി പരിധിയിൽ ഉൾപ്പെടുത്തിയത് ക്ഷീരകർഷകരെ ദോഷകരമായി ബാധിക്കുമെന്നതിനാൽ അതിൽനിന്നും ക്ഷീരമേഖലയെ ഒഴിവാക്കണമെന്നാവശ്യപ്പെട്ട് കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തിയിട്ടുണ്ടെന്നും ആയതിന്മേൽ അനുകൂല ഉറപ്പ് ലഭിച്ചിട്ടുണ്ടെന്നും സഭയെ അറിയിച്ചു. പാൽ വില നൽകുന്നതുൾപ്പെടെയുള്ള സംഘത്തിന്റെ ദൈനംദിന

ചെലവുകൾ കഴിഞ്ഞ് യാതൊരു ലാഭവും നീക്കിയിരിപ്പും ഉണ്ടാകാത്ത സാഹചര്യത്തിൽ ആദായ നികുതി ഒടുക്കണമെന്ന് നിഷ്കർഷിക്കുന്നത് സംഘങ്ങളുടെ നിലനിൽപ്പിനെ പ്രതികൂലമായി ബാധിക്കുകയും കർഷകർക്ക് ബോണസ്സ് ഉൾപ്പെടെ നൽകാനാകാത്ത സാഹചര്യം സൃഷ്ടിക്കുകയും ചെയ്യും. ക്ഷീരകർഷകർക്കും സംഘങ്ങൾക്കും കുറഞ്ഞ നിരക്കിൽ വായ്പ ലഭ്യമാക്കുന്നതിന് കേരള സ്റ്റേറ്റ് ഡയറി ഫിനാൻഷ്യൽ കോർപ്പറേഷൻ രൂപീകരിക്കുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. ക്ഷീരമേഖലയെ കാർഷികവൃത്തിയിൽ ഉൾപ്പെടുത്തുന്നതിന് കേന്ദ്ര സർക്കാരിൽ നിവേദനം നൽകിയിട്ടുണ്ടെന്നും കാലിത്തീറ്റയുടെ ഉല്പാദനത്തിനാവശ്യമായ അസംസ്കൃതവസ്തുക്കൾ ഇതര സംസ്ഥാനങ്ങളിൽനിന്നും കൊണ്ടുവരുന്നതിനുള്ള ശ്രമങ്ങൾ നടത്തിവരികയാണെന്നും മലപ്പുറം ജില്ലയിൽ മിൽമയുടെ പാൽപ്പൊടി ഫാക്ടറി ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്നും ആലപ്പുഴ ജില്ലയിൽ റൗണ്ട് വാക്സിനേഷനിലൂടെ കുളമ്പ് രോഗം പ്രതിരോധിക്കാൻ കഴിഞ്ഞിട്ടുണ്ടെന്നും എല്ലാ ബ്ലോക്ക് പഞ്ചായത്തുകളിലും മൊബൈൽ ആംബുലൻസ് സംവിധാനം നടപ്പിലാക്കുമെന്നും സംസ്ഥാനത്തെ മുഴുവൻ കന്നുകാലികൾക്കും ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തുമെന്നും

ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

12 (*122) സംസ്ഥാനത്തെ റെയിൽവേ വികസനം

കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ) നൽകിയ മറുപടിയിൽ, എറണാകുളം, ആലപ്പുഴ, കോട്ടയം ജില്ലകളിൽ പാത ഇരട്ടിപ്പിക്കൽ പ്രവൃത്തികൾ നടന്നുവരുന്നുണ്ടെന്ന് സഭയെ അറിയിച്ചു. എറണാകുളം-കുമ്പളം പാത ഇരട്ടിപ്പിക്കലിന് ഭൂമി ഏറ്റെടുക്കൽ നടപടികൾ ആരംഭിക്കുകയും കോട്ടയം ജില്ലയിൽ നാളിതുവരെ 40.76.77 ഹെക്ടർ ഭൂമി ഏറ്റെടുത്ത് റെയിൽവേയ്ക്ക് കൈമാറുകയും ഹരിപ്പാട്-അമ്പലപ്പുഴ റെയിൽപ്പാത ഇരട്ടിപ്പിക്കലിനും സബ്‌വേ, അരൂർ ബ്രിഡ്ജ് എന്നിവയുടെ നിർമ്മാണത്തിനും സ്ഥലം ഏറ്റെടുത്ത് നഷ്ടപരിഹാരത്തുക നൽകുകയും കോട്ടയം-കായംകുളം-എറണാകുളം പാത ഇരട്ടിപ്പിക്കലിന് ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. അങ്കമാലി-ശബരി റെയിൽ പദ്ധതി യാഥാർത്ഥ്യമാക്കുന്നതിന് നടപടി സ്വീകരിച്ചുവരികയാണെന്നും സിൽവർ ലൈൻ പദ്ധതിക്കായുള്ള വായ്പാ സ്വരൂപണവും ഭൂമി ഏറ്റെടുക്കൽ നടപടിയും പുരോഗമിക്കുന്നുണ്ടെന്നും ദീർഘദൂര ട്രെയിനുകളിൽ സ്ഥലവിവരങ്ങൾ അറിയുന്നതിന് ഡിസ്പ്ലേ

സംവിധാനം ഏർപ്പെടുത്തുന്ന കാര്യം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുമെന്നും ട്രെയിനുകൾ പൂർവ്വസ്ഥിതിയിൽ ഓടിത്തുടങ്ങിയശേഷം കോവിഡ് പശ്ചാത്തലത്തിൽ നിർത്തിവച്ച പാസഞ്ചർ ട്രെയിനുകളും ടിക്കറ്റ് കൗണ്ടറുകളും സീസൺ ടിക്കറ്റും പുനഃസ്ഥാപിക്കുമെന്നും പാത ഇരട്ടിപ്പിക്കൽ പൂർത്തിയാകുന്ന മുറയ്ക്ക് കൂടുതൽ ട്രെയിനുകൾ അനുവദിക്കുന്നതാണെന്ന് റെയിൽവേ മന്ത്രാലയം ഉറപ്പ് നൽകിയിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

13 (*123) ഗ്രാമവണ്ടി പദ്ധതി

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആന്റണി രാജു) നൽകിയ മറുപടിയിൽ, പൊതുഗതാഗതം ശക്തിപ്പെടുത്തുന്നതിനും ഗതാഗതസൗകര്യം ഇനിയും എത്തിപ്പെടാത്ത മേഖലകളിൽ അതിനുള്ള സൗകര്യം ഒരുക്കുന്നതിനും ഗ്രാമീണ ഗതാഗതം സുഗമമാക്കുന്നതിനും തദ്ദേശഭരണ സ്ഥാപനങ്ങളുമായി ചേർന്ന് 'ഗ്രാമവണ്ടി' എന്ന പ്രത്യേക ബസ് സർവ്വീസ് ഏർപ്പെടുത്തുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണെന്നും ഈ പുതിയ പദ്ധതി പൊതുഗതാഗത രംഗത്ത് ഗുണപരമായ മാറ്റത്തിന് തുടക്കംകുറിക്കുന്നതാണെന്നും സഭയെ അറിയിച്ചു. കെ.എസ്.ആർ.ടി.സി.

നിശ്ചയിക്കുന്ന ടിക്കറ്റ് നിരക്കിൽ തദ്ദേശ സ്ഥാപനങ്ങൾ നിർദ്ദേശിക്കുന്ന റൂട്ടും സമയക്രമവും പാലിച്ചും റൂട്ടുകളുടെ ഗതാഗതയോഗ്യതയ്ക്കനുയോജ്യമായ ബസ്സുകളുപയോഗിച്ചും സർവ്വീസ് നടത്തുന്നതാണ്. വാർഷിക കരാർപ്രകാരം നിശ്ചിത തുക മടക്കി നൽകുന്ന ഡെപ്പോസിറ്റായി കെ.എസ്.ആർ.ടിസി.-ക്ക് നൽകണമെന്നും ഡീസൽ ചെലവ് തദ്ദേശഭരണ സ്ഥാപനങ്ങൾ വഹിക്കണമെന്നും പ്രതിദിനം 150 കി.മീ. എങ്കിലും സർവ്വീസ് നടത്തേണ്ടതാണെന്നും ബസ്സുകളുടെ പരിപാലനം/ഇൻഷുറൻസ്/സി.എഫ്. പുതുക്കൽ/പെർമിറ്റ് എന്നിവയുടെ ചുമതല കെ.എസ്.ആർ.ടി.സി.-യിൽ നിക്ഷിപ്തമായിരിക്കുമെന്നും ബസ് സ്റ്റേഷനുകൾക്ക് പുറത്തെ സ്ഥലങ്ങളിൽ നിന്നാരംഭിക്കുന്ന സർവ്വീസുകളിലെ ജീവനക്കാർക്ക് സ്റ്റേ റൂം, സുരക്ഷിതമായ പാർക്കിംഗ് സൗകര്യം എന്നിവ ബന്ധപ്പെട്ട സ്ഥാപനം ഏർപ്പെടുത്തേണ്ടതാണെന്നും RTC ആക്റ്റിനുവിധേയമായി കളർ കോഡ് നിശ്ചയിക്കുമെന്നും മന്ത്രി വ്യക്തമാക്കി. ബോണ്ട് അടിസ്ഥാനത്തിൽ സ്റ്റുഡന്റ്സ് ഒൺലി സർവ്വീസുകൾ നടത്തുമെന്നും കെ.എസ്.ആർ.ടി.സി. ബസ്സിൽ ഏർപ്പെടുത്തിയിട്ടുള്ള ആനുകൂല്യങ്ങൾ ഗ്രാമവണ്ടി സർവ്വീസിലും നൽകുമെന്നും വെറ്റ് ലീസ് സംവിധാനത്തിലൂടെ കൂടുതൽ വാഹനങ്ങൾ ലഭ്യമാക്കുമെന്നും

ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.